⇨ *ഈ അരാഷ്ട്രീയതയിൽ നിന്നുള്ള മോചന സാധ്യതകളെ കണ്ടെത്താൻ കഴിയേണ്ടതല്ലേ?* ⇨

## നിൽപ്പ്സമരം:

# ഗോത്രസ്വയംഭരണം പാരിസ്ഥിതികമാണ്

ആദിവാസി നിൽപ്പ് സമരം ഉന്നയിക്കുന്ന ഗോത്ര സ്വയംഭരണം എന്ന അവകാശത്തെ നാം മനസ്സിലാക്കേണ്ടത് എങ്ങനെയാണ്? സ്വയംഭരണം എന്തുകൊണ്ട് പാരിസ്ഥിതികവും സ്ഥായിയുമാണ്?

**ഡോ. അമിതാബച്ചൻ**

**തലസ്ഥാന** നഗരിയിൽ തുടരുന്ന ആദിവാസികളുടെ നിൽപ്പുസമരമുഖത്ത് നടന്ന 'വനാവകാശ നിയമവും ഗോത്ര സ്വയംഭരണവും' എന്ന ചർച്ചയിൽ ഒരു ആദിവാസി യുവാവ് നടത്തിയ, പരാമർശം ശ്രദ്ധേയമായിരുന്നു. "കേരളത്തിലെ ഭൂമിയും, മണ്ണും, വനവും, വിഭവങ്ങളും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമ്മൾക്ക് തയൊണ്". ഒരു പക്ഷേ കേരളത്തിലെ മുഖ്യധാരാ ജനങ്ങളും അവരുടെ സംഘങ്ങളും മറന്നുപോയ ഒരു രാഷ്ട്രീയ ലക്ഷ്യം ചരിത്രാതീത കാലം മുതലേ നിർവഹിച്ചുപോരുന്ന, എന്നാൽ മുഖ്യധാരാ ലക്ഷ്യമാക്കുന്ന 'വികസന' സൗകര്യങ്ങളൊന്നും ഇല്ലാത്ത, അവഗണനകൾ മാത്രം ലഭിച്ച ഒരു മനുഷ്യസമൂഹത്തിൽ നിന്ന് ഉയരുന്നു എന്നത് ഒരേസമയം ആശാവഹവും ചിന്താജനകവുമാണ്.

ഗോത്ര സ്വയംഭരണം എന്ന അവകാശവാദത്തിലൂടെ അവർ മുന്നോട്ട് വയ്ക്കുന്ന 'ഗോത്രഗ്രാമസഭകളുടെ നിർണയ അധികാരം' എന്നത് എത്രമാത്രം പാരിസ്ഥിതികവും, രാഷ്ട്രീയവും, ഭരണഘടനാവിധേയവും, ജനാധിപത്യപ്രക്രിയയിലെ ജനാധികാര പുനസ്ഥാപനത്തിന് മാർഗ്ഗദർശകവും ആണ് എന്നത് നമ്മൾ എത്രമാത്രം മനസ്സിലാക്കിയിട്ടുണ്ട്? ഉൽപാദനത്തിലൂന്നാത്ത, ഊഹവ്യാപാരങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന, സ്ഥായിയല്ലാത്ത, കോർപ്പറേറ്റുകളാൽ നിശ്ചയിക്കപ്പെടുന്ന ക്ഷണിക സാമൂഹിക ജീവിതത്തിലേക്ക് ഒതുങ്ങിപ്പോകുന്ന നമുക്ക് ഈ അരാഷ്ട്രീയതയിൽ നിന്നുള്ള മോചന സാധ്യതകളെ കണ്ടെത്താൻ കഴിയേണ്ടതല്ലേ?

### ജനാധിപത്യവും ജനാധികാരവും –ഗ്രാമസഭാ സങ്കൽപം

വോട്ട് ചെയ്യുമ്പോൾ അധികാരികളെ തിരഞ്ഞെടുക്കുന്നതിനപ്പുറം ജനപ്രതിനിധികളും, അവർ ചേർന്ന് വരുന്ന ഭരണകൂടവും എടുക്കുന്ന തീരുമാനങ്ങളിൽ ജനങ്ങളുടെ കൈയ്യൊപ്പ് വേണം എന്നത് ഭരണഘടനയുടെ 73,74–ാം വകുപ്പിലൂടെ 1991 ൽ വന്ന പഞ്ചായത്ത് രാജ് ആക്ടിലൂടെയാണ് നിയമപരമായത്. അതുവരെ 'ജനാധിപത്യ' ഭരണകൂടം കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ ജനഹിതം എന്നത് ഭൂരിപക്ഷം കൈയ്യാളുന്ന പാർട്ടിഹിതവും ഇത് അവയെ സ്വാധീനിക്കുന്ന മൂലധന കോർപ്പറേറ്റ് ശക്തികളുമാണ്. ഉദാഹ

രണമായി ഭരണഘടനാവിധേയമായി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറുന്ന ഒരു വ്യക്തി പിന്നീട് താൻ പാർട്ടിക്ക് വിധേയനായേ പ്രവർത്തിക്കുകയുള്ളു എന്ന് പറയുന്നത് പോലും ജനാധിപത്യവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണ്. കൊളോണിയൽ ഭരണകാലത്ത് ജനങ്ങളെ അടക്കി ഭരിക്കുവാൻ വേണ്ടി, നികുതി പിരിക്കുന്നതിനും അടിച്ചമർത്തുന്നതിനും വേണ്ടി നിലവിൽ വന്ന ഉദ്യോഗസ്ഥ സംവിധാനങ്ങൾ മേൽപറഞ്ഞ 'ജനാധിപത്യഭരണത്തിൽ' അതേപടി നിലനിന്നതോടെ യഥാർത്ഥ ജനാധിപത്യം മരീചികയായി. ഇത്തരത്തിലുള്ള ഭരണകൂട-ഉദ്യോഗസ്ഥ-ഫ്യൂഡൽ സാമൂഹിക വ്യവസ്ഥകളോട് ഉൽപാദനത്തിലൂന്നാത്ത, വിഭവങ്ങളെയും ഭൂമിയെയും സ്വകാര്യവൽക്കരിച്ച് കേവലം സാമ്പത്തിക ഊഹവ്യാപാരത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒട്ടുംതന്നെ സ്ഥായിയല്ലാത്ത (sustainable) വികസന സങ്കല്പവും കൂടിച്ചേരുമ്പോൾ ഭൂമിയുടെയും വിഭവങ്ങളുടെയും അന്യവൽക്കരണവും സാമ്പത്തിക അസമത്വവും കൂടി.

പശ്ചിമഘട്ട പ്രദേശങ്ങളിലടക്കം ഇന്ത്യയിൽ വനിയമം നിലനിന്നിടത്തെല്ലാം വനഭൂമി വൻതോതിൽ വനമല്ലാതാകുകയും സ്വകാര്യവൽക്കരിക്കുകയും ചെയ്തു. വനത്തിന്റെ യഥാർത്ഥ അവകാശികളായ ഗോത്രവർഗ്ഗക്കാർക്ക് ഭൂമിയിലും, വിഭവങ്ങളിലും ഉള്ള അവകാശം തിരസ്കരിക്കപ്പെട്ടു.

യഥാർത്ഥ ജനാധിപത്യ പ്രക്രിയയിലേക്ക് ഒരു ചുവടുവയ്പ്പായി പഞ്ചായത്തീരാജ് ആക്ട്-1991 പഞ്ചായത്തുകൾക്ക് പ്രത്യേക അധികാരം നൽകിയതാണ് ആശാവഹമായ ഒരു മാറ്റം. കേരളത്തിൽ നവോത്ഥാന കാലഘട്ടങ്ങളിൽ ഫ്യൂഡൽ സാമൂഹിക വ്യവസ്ഥകളിൽ നിന്നുണ്ടായ മോചനവും കൂടിച്ചേർന്നപ്പോൾ വിഭവങ്ങളുടെ മേൽ ജനങ്ങൾക്കുള്ള അധികാരം എളുപ്പത്തിൽ കോർപറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കാൻ കഴിയാതെ വന്നു. ഉദ്യോഗസ്ഥ സംവിധാനങ്ങളും, ജനപ്രതിനിധികളും പഞ്ചായത്ത് തലത്തിലെങ്കിലും പരസ്പര പൂരകമായി പ്രവർത്തിക്കേണ്ട അവസ്ഥ സംജാതമായി. എന്നാൽ പഞ്ചായത്ത് എന്നതും ഗ്രാമസഭ എന്നതും പ്രാദേശിക ജനങ്ങളുടെ നൈസർഗ്ഗികമായ ഒരു കൂട്ടം (commune) അല്ലാത്തതുകൊണ്ട് ഗ്രാമസഭയുടെ അധികാരം കടലാസ്സിലും, ഭൂരിപക്ഷ പാർട്ടികളാൽ തീരുമാനിക്കപ്പെടുന്ന പഞ്ചായത്തിന്റെ 'രാജി'ലൂടെയും മുന്നോട്ടുപോയി. എന്നാൽ ഇന്ത്യയിൽ എല്ലായിടത്തും ഇങ്ങിനെയാണ് എന്ന് തെറ്റിദ്ധരിക്കരുത്. പ്രത്യേകിച്ച് വനഭൂമിയും ഗോത്രവർഗ്ഗക്കാരും അധികമുള്ള പ്രദേശങ്ങളിൽ ബ്രിട്ടീഷ് ഭരണകാലം മുതൽക്കേ പ്രാദേശിക ഗോത്രവർഗങ്ങളുടെ സ്വയംഭരണം (സ്വയംനിർണയാധികാരം) അംഗീകരിച്ച് പോന്നിരുന്നു. പിന്നീട് അത് ഭരണഘടനയുടെ V, VI പട്ടികകളിലൂടെ സ്വതന്ത്ര ഇന്ത്യയും ഇത് തുടർന്നു.

**വനഗോത്രഭൂമിയുടെ സ്വയംഭരണം**

വനഭൂമി കൊളോണിയൽ കാലത്തിന് മുമ്പുതന്നെ പ്രദേശിക ഗോത്രവർഗങ്ങളാൽ പരിപാലിച്ച് പോന്നിരുന്നു. വനത്തിന്റെയും വനവിഭവങ്ങളുടെയും സ്ഥായിയായ പരിപാലനം ഗോത്രവർഗങ്ങളുടെ സംസ്കാരത്തിലും പാരമ്പര്യത്തിലും അതിലെ മൂല്യങ്ങളിലും അധിഷ്ഠിതമായിരുന്നു. എന്നാൽ വനത്തിന്റെ ഉടമസ്ഥാധികാരം, 1878ലും പിന്നീട് 1927ലും നിയമമായിവന്ന ഇന്ത്യൻ വനനിയമ (Indian Forest Act 1927) ത്തിലൂടെ ബ്രിട്ടീഷ് സർക്കാറിനായി മാറി. ഇതിൽ വനഭൂമി വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അധികാരം സ്റ്റേറ്റുകൾക്കായിരുന്നു. എന്നാൽ ഗോത്രവർഗങ്ങൾ ശക്തമായിരുന്ന പ്രദേശങ്ങളിൽ പൂർണമായ അധിനിവേശം അസാദ്ധ്യമായതുകൊണ്ട് പൂർണമായി ഒഴിവാക്കിയ പ്രദേശം, ഭാഗികമായി ഒഴിവാക്കിയ (അതായത് നികുതി പിരിക്കുക ഒഴികെ വനത്തിന്റെ സ്വയംഭരണാധികാരം പ്രദേശിക ഗോത്രവർഗ്ഗങ്ങൾക്ക്) എന്നിങ്ങനെ ഭരണഘടനയുടെ 244 വകുപ്പിൽ V, VI ഷെഡ്യൂളുകളായി നിലവിൽ വന്നു. എന്നാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ 1927 ലെ കൊളോണിയൽ നിയമം തന്നെ തുടർന്നു. ഇതിനെ തുടർന്നാണ് വ്യാപകമായ തോതിൽ ഇന്ത്യയിലെ വനങ്ങൾ 'വികസന' പ്രവർത്തനങ്ങൾ എന്നപേരിൽ വിഭവങ്ങൾ ഊറ്റുന്നതിന് സർക്കാർ സർക്കാരിതര കമ്പനികൾക്കും, ഖനനത്തിനും, അണക്കെട്ടുകൾക്കും പ്ലാന്റേഷനുകൾക്കും കൈമാറി. സ്ഥാപിത താൽപര്യങ്ങൾക്കനുസരിച്ച് കൃഷിക്കെന്ന രീതിയിൽ വൻതോതിൽ വനഭൂമി മുഖ്യധാരാസമൂഹങ്ങൾക്കും വ്യക്തിപരമായ അവകാശത്തിലൂടെ കൈമാറി. റിസർവ്വ് ചെയ്ത വനഭൂമയിൽ തന്നെ ഭൂരിപക്ഷവും പേപ്പർ, റയോൺ വ്യവ



സായങ്ങൾക്ക് വേണ്ടിയും, തേക്ക് പ്ലാന്റേഷനുകൾ വളർത്തുന്നതിനും നശിപ്പിക്കപ്പെട്ടു. ഈ അവസരത്തിലാണ് അനിയന്ത്രിതമായ വനനശീകരണം തടയുന്നതിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരത്തെ ഒരു കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റി 1980ലെ വനസംരക്ഷണ നിയമം വന്നത്.

പശ്ചിമഘട്ട പ്രദേശങ്ങളിലടക്കം ഇന്ത്യയിൽ വനനിയമം നിലനിന്നിടത്തെല്ലാം വനഭൂമി വൻതോതിൽ വനമല്ലാതാകുകയും സ്വകാര്യവൽക്കരിക്കുകയും ചെയ്തു. വനത്തിന്റെ യഥാർത്ഥ അവകാശികളായ ഗോത്രവർഗ്ഗക്കാർക്ക് ഭൂമിയിലും, വിഭവങ്ങളിലും ഉള്ള അവകാശം തിരസ്കരിക്കപ്പെട്ടു. ഇത്തരത്തിൽ സ്വകാര്യവൽക്കരിക്കപ്പെട്ട ഭൂമിയും നവസാമ്പത്തിക വികസന പരിപ്രേഷണത്തിൽ മുഖ്യധാരാ ജനങ്ങളിൽ നിന്നും അന്യാധീനപ്പെട്ട് കോർപ്പറേറ്റ് കമ്പനികളിലെത്തി നിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. നിലവിൽ വനം വകുപ്പിന്റെ കൈയ്യിൽ വനമായി അവശേഷിക്കുന്ന ഭൂമി മാത്രമാണ് സത്യത്തിൽ സ്വകാര്യവൽക്കരിക്കാത്തത്. ഇതിന്റെ ആസൂത്രണത്തിൽ ജനങ്ങൾക്ക് പങ്കില്ലാത്തതുകൊണ്ട് ലോകബാങ്കിന്റെ സാമ്പത്തിക താല്പര്യങ്ങൾക്കനുസരിച്ച് വനവൽക്കരണമെന്നപേരിൽ കാര്യക്ഷമവും പ്രയോഗികവുമല്ലാത്ത പരിപാടികൾ നടക്കുകയാണ്. ഇത്തരത്തിൽ വനഭൂമിക്കുണ്ടായ പാരിസ്ഥിതിക തകർച്ച പൊതുഭൂമിയുടെ അന്യവൽക്കരണത്തോടൊപ്പം നമ്മുടെ വിഭവ, ജല, പാരിസ്ഥിതിക തകർച്ചയ്ക്കും കാരണമായി. ഈ പാരിസ്ഥിതിക തകർച്ചയ്ക്ക് ഗോത്രവർഗ്ഗക്കാർ ഒരിക്കലും കാരണക്കാരായിരുന്നില്ല എന്നതുമാത്രമല്ല അവർ പരമ്പരഗതമായി ലളിതമായ ജീവിതശൈലിയിലൂടെ വനം-പരിസ്ഥിതി പ്രവർത്തനളുടെ ഭാഗമായി ജീവിച്ചു.

1980ൽ വനസംരക്ഷണ നിയമപ്രകാരം വനഭൂമി കൈമാറ്റത്തിന്റെ നിർണയാധികാരം ഒരു കൺകറന്റ് ലിസ്റ്റിലേക്ക് (കേന്ദ്രപരിസ്ഥിതി മന്ത്രാലയം MoEF) മാറ്റി. തുടക്കത്തിൽ വനഭൂമിയുടെ കൈമാറ്റത്തിന് കുറവ് വന്നെങ്കിലും ഇത് സർവ്വകാല റെക്കോർഡിട്ടിരിക്കുന്നു. ഇതേ കാലയളവിൽ തന്നെ ഗോത്രവർഗങ്ങളുടെ ചെറുത്തുനിൽപ്പിന്റെയും അന്താരാഷ്ട്ര നയങ്ങളുടെയും ഭാഗമായി ഗോത്രവർഗങ്ങൾക്ക് വനത്തിലും വനഭൂമിയിലും ഉള്ള അവകാശ പുനഃസ്ഥാപനം നയരേഖകളിൽ മാത്രമൊതുങ്ങി. ഉദാഹരണമായി 1988 ദേശീയ വനനയത്തിൽ തന്നെ 1. ഗോത്രവർഗ്ഗക്കാരുമായുള്ള അഭേദ്യമായ പരസ്പരപൂരിത ബന്ധം. 2. പരമ്പരാഗത അവകാശങ്ങളുടെ സംരക്ഷണം. 3. സംയോജിത വികസന പരിപാടികൾ. 4. ഫോറസ്റ്റ് വില്ലേജുകളെ റവന്യൂവില്ലേജുകൾക്ക് തുല്യമാക്കൽ എന്നിവ വിഭാവനം ചെയ്തിരുന്നെങ്കിലും പങ്കാളിത്ത വനപരിപാലന (പ്രത്യകിച്ച് ഇക്കോടൂറിസം) ത്തിനപ്പുറം ഒന്നും നടിന്നില്ല. അതേസമയം, 1972 ലെ വന്യജീവി സംരക്ഷണം ചില വനമേഖലകളെ സംരക്ഷിത വനപ്രദേശങ്ങളാക്കിയത് സംരക്ഷണത്തിന് പ്രാധാന്യം നൽകിയെങ്കിലും യഥാർത്ഥത്തിൽ

സംരക്ഷിക്കപ്പെടേണ്ട വനപ്രദേശങ്ങൾ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തായി. ഇതിൽ പലതും ഗോത്രവർഗക്കാർ അടക്കം മുഖ്യധാരാ ജനങ്ങളുടെ പാരിസ്ഥിതിക സമരപ്രവർത്തനങ്ങളിലൂടെയാണ് സംരക്ഷിത പ്രദേശമായി മാറിയത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കേരളത്തിലെ വനം വകുപ്പ് ശ്രദ്ധേയമായ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. കേരളം വനവിഭവങ്ങളുടെ വിപണനത്തിലെ ചൂഷണത്തിനെതിരായി ഫെഡറേഷനുകൾ രൂപീകരിച്ച് (വനവികാസ് ഏജൻസി, വനശ്രീ) താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചു.

തീരുമാനമെടുക്കാനുള്ള അധികാരം ഗോത്രവർഗങ്ങൾക്ക് ലഭ്യമല്ലാത്തതുകൊണ്ടും, സാമൂഹിക ഉദ്യോഗസ്ഥ സാഹചര്യങ്ങൾ വൻകിട നിക്ഷേപ പങ്കാളിത്തത്തിലേക്ക് ചുവടുമാറിയതുകൊണ്ടും യഥാർത്ഥ മാറ്റം സംജാതമായില്ല. ഈ കാലയളവിൽ തന്നെ വനസംരക്ഷണത്തിന്റ പേരിൽ വൻതോതിൽ സംരക്ഷിത വനപ്രദേശത്തിൽ നിന്ന് ഗോത്ര സമൂഹങ്ങളെ നിർബന്ധമായും പ്രലോഭിപ്പിച്ചും പുറത്താക്കി. നിരവധി ദേശീയ, സാർവ്വദേശീയ പ്രക്ഷോഭങ്ങൾക്ക് ഇത് കാരണമായിത്തീർന്നു. ഈ സാഹചര്യത്തിലാണ് ജനാധിപത്യസംവിധാനങ്ങൾക്കെല്ലാം ആശാവഹമായ പെസ നിയമവും 1996, വനാവകാശ നിയമം 2006ഉം നിലവിൽ വന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്തി രാജ് ആക്ടിൽ 5ാം ഷെഡ്യൂളുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളെ ഒഴിവാക്കുകയും ആറാം ഷെഡ്യൂളിൽ ഉൾപ്പെട്ട സംസ്ഥാനങ്ങളായ നാഗാലാന്റ്, മേഘാലയ, മിസോറാം, മണിപ്പൂർ, ഖോർഖ ഹിൽ ഏരിയ എന്നിവയ്ക്ക് പ്രത്യേക നിയമനിർമ്മാണവുമാണ് പറഞ്ഞിട്ടുള്ളത്. 1994 ലെ ഭൂരിയ കമ്മറ്റി ശുപാർശകളെ തുടർന്ന് ഷെഡ്യൂൾ അഞ്ചിലെ മേഖലകളിലേക്ക് പഞ്ചായത്തി രാജ് നിയമം ബാധകമാക്കുന്നതിനാണ് 1996 ഡിസംബർ 24-ാം തീയ്യതി പെസ അഥവാ ആദിവാസി പഞ്ചായത്ത് രാജ് നിയമം[7] (Provisions to the Panchayath, (Extension to the scheduled areas) Act) നിലവിൽ വന്നത്. ഈ നിയമം നൈസർഗികമായ ഗോത്രവർഗ വില്ലേജുകളെ വില്ലേജുകളായി പരിഗണിക്കുകയും അതിലെ അംഗങ്ങൾ അടങ്ങുന്ന ഗ്രാമസഭകൾക്ക് സ്വയംഭരണാവകാശങ്ങൾ കൊടുക്കുകയും ചെയ്യുന്നു. ഭൂമി അന്യാധീനപ്പെടുന്നത് തടയൽ, അന്യാധീനപ്പെട്ടത് തിരിച്ചെടുക്കൽ, ഭൂമിപിടിച്ചെടുക്കലിനും പുനരധിവാസത്തിനും ഗ്രാമസഭയുടെ അനുമതി, ചെറുകിട വനവിഭവങ്ങളുടെ മേലുള്ള പൂർണ്ണമായ അവകാശം, ചെറുകിട ജലസ്രോതസ്സുകളിലും ധാതുക്കളിലും പൂർണ്ണമായ അവകാശം എന്നിവയൊക്കെയാണ് പ്രധാന ഗ്രാമസഭാധികാരങ്ങൾ. പരമ്പരാഗതമായ വിഭവപരിപാലന, സാംസ്കാരിക പെരുമാറ്റച്ചട്ടങ്ങൾ തുടരുന്നതിനുള്ള അവകാശവും മേൽപറഞ്ഞ കാര്യങ്ങളിലെല്ലാം ഗ്രാമസഭയുടെ തീരുമാനവും അനുമതിയും ആവശ്യമാണ് എന്നതുമാണ് ഇതിൽ ഏറ്റവും നിർണ്ണായകം. പഞ്ചായത്ത്രാജ് ആക്ട് നിലവിലുള്ള മറ്റ് പ്രദേശങ്ങളിൽ നിന്ന് നൈസർഗികമായ ഒരു വില്ലേജിനെ വില്ലേജായും അതിലെ അംഗങ്ങളുടെ സ്വാഭാവിക പരമ്പരാഗത കൂട്ടത്തെ അധികാരമുള്ള ഗ്രാമസഭയായും തീരുമാനിക്കപ്പെട്ടു എന്നത് ഇന്ത്യൻ ജനധിപത്യത്തിന് തന്നെ മാർഗ്ഗദർശകമാണ്.

**വനനശീകരണത്തിന്റ രാഷ്ട്രീയം**

ബ്രിട്ടീഷുകാർ വരുന്നതിന് മുമ്പ് ഗോത്രവർഗ്ഗക്കാരുടെ അധീനതയിലായിരുന്ന വനപ്രദേശങ്ങൾ അവർ സംരക്ഷിച്ച് പോന്നിരുന്നു. പിന്നീട് കൊളോണിയൽ ഭരണത്തിലും അതിന് ശേഷവുമാണ് വനം വ്യാപകമായി നശിപ്പിക്കപ്പെട്ടത് എന്ന് കാണാം. ഒരു ഭാഗത്ത് ഗോത്രവർഗ്ഗക്കാരുടെ മാനുഷികവും ന്യായവുമായ അവകാശങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും കൈമാറാതിരിക്കുകയും മറുഭാഗത്ത് വനഭൂമിയെ വനമല്ലാതാക്കി മാറ്റുന്നത് നിർലോഭം തുടരുകയും ചെയ്യുന്നു. വനംവകുപ്പും, കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും അതിനൊപ്പം നിൽക്കുന്നു എന്നതാണ് കാണാൻ കഴിയുന്നത്.

ഉദാഹരണമായി കഴിഞ്ഞ കാലഘട്ടങ്ങളിൽ 25% വനഭൂമിയും കൈമാറ്റം ചെയ്തത് 2007-2011 ലാണ്. ഇതിൽ 40% ഖനനത്തിനും ജലസേചനത്തിനുമായിരുന്നു. ഇതിൽ ഏറ്റവും അധികം വനപരിവർത്തനം നടന്നത് 2009-2010ൽ ജയറാം രമേശ് പരിസ്ഥിതി മന്ത്രിയായിരുന്നപ്പോഴാണ്. 2009 മുതൽ ഇന്നുവരെ 33928.5 ഹെക്ടർ വനഭൂമി കൈമാറ്റത്തിന് പരിഗണിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ താരതമ്യേന കയ്യേറ്റങ്ങൾ കുറഞ്ഞ സെൻട്രൽ ഫോറസ്റ്റ് (തൃശൂർ) സർക്കിളിൽ (തൃശൂർ, ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ) ഔദ്യോഗികകണക്കനുസരിച്ച്[1] ഉള്ള 1.6 ലക്ഷം ഹെക്ടർ വനഭൂമിയിൽ 9% (12829.5 ഹെക്ടർ) വനേതരാവശ്യങ്ങൾക്കായി പാട്ടത്തിന് കൊടുത്തിരിക്കുന്നു. വനേതരാവശ്യങ്ങൾക്ക് കൈമാറിയത് 3758 ഹെക്ടർ (2.3%) വനഭൂമിയാണ്. 1977ന് ശേഷം സ്ഥിരീകരിച്ച കൈയ്യേറ്റങ്ങൾ 357.8 ഹെക്ടർ (0.2%) വരും.

എന്നാൽ ഏകദേശം 70ൽ പരം ഊരിലെ ഗോത്രവർഗ്ഗക്കാർ കൈവശം വച്ചിരിക്കുന്നത് വെറും 0.005% മാത്രമാണ്. അവശേഷിക്കുന്ന വനഭൂമിയിൽ 17% (28295 ഹെക്ടർ) തേക്ക് പോലുള്ള പ്ലാന്റേഷനുകളാണ്. അവശേഷിക്കുന്നതിൽ 90% ൽ അധികവും തെരഞ്ഞുവെട്ടൽ അടക്കം പലതരം ഫോറസ്ട്രി പ്രവർത്തനങ്ങളാൽ ശോഷണം നേരിട്ടവയാണ്. ഇതിൽതന്നെ അവശേഷിക്കുന്ന നല്ലവനങ്ങൾ പ്രാക്തനഗോത്രവർഗ്ഗമായ കാടർ അധിവസിക്കുന്ന വാഴച്ചാൽ-ഷോളയാർ മേഖലയിലാണ്. മുഖ്യധാരാജനങ്ങളോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങൾക്കാണ് ശോഷണം അധികം സംഭവിച്ചിട്ടുള്ളത്.



സാമൂഹികമായി ഭൂമിയെ ഉപയോഗിച്ച് ജീവിച്ചിരുന്ന മുഖ്യധാരാ സമൂഹത്തിൽ ഭൂമി വ്യക്തിപരമായ അവകാശത്തിലേക്കും, പിന്നീട് സ്വകാര്യവൽക്കരണത്തിലേക്കും അതിലൂടെ കോർപ്പറേറ്റുകളിലേക്കും ഇന്ന് എത്തി നിൽക്കുന്നു. അതുമൂലം പാടശേഖരങ്ങൾക്കും, പുഴകൾക്കും, കായൽത്തീരങ്ങൾക്കും, ജൈവസമ്പത്തിനും ഉണ്ടായ പാരിസ്ഥിതിക നാശം മുഖ്യധാരാ സമൂഹം ഇന്ന് ഭക്ഷ്യ പ്രകൃതി വിഭവങ്ങളുടെ അന്യവൽക്കരണമായും, പ്രകൃതിക്ഷോഭങ്ങളായും കേവലം താമസിക്കുവാൻ പോലും ഭൂമിയില്ലാത്ത സ്ഥിതി വിശേഷവും അനുഭവിക്കുന്നു. എന്നാൽ നമ്മുടെ പാരിസ്ഥിതിക സന്തുലനത്തിന് ഭൂമിയും വിഭവങ്ങളും സമൂഹത്തിന്റെത് എന്ന് വിശ്വസിക്കുന്ന ഗോത്രവർഗ്ഗ ജനാധികാര ഗ്രാമസഭകളിലെങ്കിലും നിക്ഷിപ്തമാക്കി നമുക്കെല്ലാവർക്കും വേണ്ടി സംരക്ഷിക്കപ്പെടേണ്ടതല്ലേ? ഗോത്രവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനും അവരുടെ ഭൂമി അന്യാധീനപ്പെടുത്തുന്നത് തടയുന്നതിനും കേരളത്തിൽ നിലവിൽ വന്ന ഏകനിയമമായ പട്ടികവർഗ്ഗക്കാർ (ഭൂമികൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ) നിയമം 1975ന് കഴിഞ്ഞില്ല. അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുക എന്നതുമാറി പകരം, പകരം ഭൂമി എന്ന നിലയിൽ ആ നിയമം ഭേദഗതി (1999) ചെയ്യപ്പെട്ടു.

വനാവകാശ നിയമപ്രകാരം ഗോത്രവർഗ്ഗക്കാർക്ക് അവകാശങ്ങൾ നൽകുമ്പോൾ ഇന്ന് നിലനിൽക്കുന്ന വനഭൂമിയുടെ സംരക്ഷണം താറുമാറാകുമോ എന്ന പരിസ്ഥിതി പ്രവർത്തകരുടെയും വനംവകുപ്പിന്റെയും ആശങ്ക വനാവകാശനിയമം കേവലം ഭൂമി പതിച്ച് കൊടുക്കാനുള്ള നിയമമെന്ന തെറ്റിദ്ധാരണയിൽ നിന്നുണ്ടാകുന്നതാണ്. ഭൂസമരങ്ങൾ പലപ്പോഴും ഭൂമിയുടെ സ്വകാര്യ കൈമാറ്റ അധികാരം ലഭ്യമാക്കുന്നതിൽ ഒതുങ്ങിപ്പോയതും ഇതിനൊരുകാരണമാണ്. യഥാർത്ഥത്തിൽ വനാവകാശ നിയമം 2006 എന്നത് ഒരു വനനിയമമാണ്. അത് വനസംരക്ഷണ നിയമത്തിന്റെ തുടർച്ചയാണ്. ഉദാഹരണമായി വന്യജീവി സംരക്ഷണ നിയമം 1972, വനസംരക്ഷണ നിയമം 1980 എന്നിവയിൽ പറഞ്ഞിരിക്കുന്ന ഒന്നും തന്നെ ലംഘിക്കുവാൻ (വേട്ടയാടൽ, മരംവെട്ടൽ അടക്കം) വനാവകാശ നിയമം 2006 അനുവദിക്കുന്നില്ല. മറിച്ച്, മനുഷ്യനും പ്രകൃതിയും പാരസ്പര്യത്തോടെ നിലനിൽക്കും (co-existance) എന്ന ആശയത്തെ ഉൾക്കൊണ്ട്, പ്രാദേശികമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ഗോത്രവർഗ്ഗക്കാരുടെ നൈസർഗ്ഗികമായ ഊരുതല ഗ്രാമസഭകൾക്ക് നൽകുന്നു എന്ന ഒരു വ്യത്യാസം മാത്രമേ ഉള്ളു. 1988ലെ ദേശീയ വനനയത്തിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾക്കപ്പുറം ഒന്നും തന്നെ വനാവകാശ നിയമത്തിൽ പറയുന്നില്ല. എന്നാൽ വനനയത്തിൽ പറഞ്ഞ അവകാശങ്ങൾ നൽകുന്നതിന്റെ ചുമതല ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരുന്നതുകൊണ്ട് തന്നെ ഒരു ദശകം പിന്നിട്ടിട്ടും ഒരവകാശവും പുനഃസ്ഥാപിക്കപ്പെട്ടില്ല. മറിച്ച് സംരക്ഷിത പ്രദേശങ്ങളിൽ നിന്ന് ഗോത്രവർഗ്ഗക്കാർ കുടിയൊഴിപ്പിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിൽ, ഭരണഘടനയുടെ 244-ാം വകുപ്പിലെ പട്ടികപ്രദേശവും 1996ലെ പെസ നിയമത്തിൽ നിന്നും ഉ

ൾക്കൊണ്ട്, ഗോത്രവർഗ്ഗ ഊരുകളെ വനവില്ലേജുകളായും (2(f) &(P)) അതിലെ മുതിർന്ന അംഗങ്ങളുടെ കൂട്ടത്തെ ഗ്രാമസഭയായും (2(g)) നിർവ്വചിക്കുകയും ഇത്തരം കാര്യങ്ങൾ തീരുമാനിക്കാനുള്ള നിർണ്ണയാധികാരം ഏൽപ്പിക്കുകയുമാണ് ചെയ്തത്. വനാവകാശനിയമത്തിൽ വകുപ്പ് 3(1)a പ്രകാരം 2005 ഡിസംബർ13ന് മുൻപ് വരെ കൈവശത്തിലിരിക്കുന്ന ഭൂമിയ്ക്ക് മാത്രമെ വ്യക്തിപരമായ അവകാശം ലഭിക്കു. അത് കൈമാറുന്നതിനോ, അന്യാധീനപ്പെടുത്തുന്നതിനോ സാധ്യമല്ല. അത് നിർണ്ണയിക്കുന്നതിനും, അന്യാധീനപ്പെടുത്താതിരിക്കാനുമുള്ള നിരീക്ഷണ ചുമതലയും ഊരുതല ഗ്രാമസഭയ്ക്കാണ്. അവരുടെ തീരുമാനത്തിന് ഭരണഘടന അനുശാസിക്കുന്ന അധികാരം ഉള്ളതുകൊണ്ട് തന്നെ ഊരുതല ഗ്രാമസഭയുടെ പരാതിയിന്മേൽ വനംവകുപ്പിനും, മറ്റു വകുപ്പുകൾക്കും നടപടി കൈക്കൊള്ളാവുന്നതാണ്. പിന്നെ പ്രധാനമായുള്ള വകുപ്പ് 3(1)c പ്രകാരം മുള, ചൂരൽ അടക്കം വനവിഭവങ്ങളിൽ പൂർണ്ണമായ ഉടമസ്ഥാവകാശവും വിപണനാവകാശവും പെർമിറ്റ് നൽകാനുള്ള അവകാശവും ഊരുതല ഗ്രാമസഭയ്ക്കാണ്. നിലവിൽ വനസംരക്ഷണ സമിതികളോ, സൊസൈറ്റികളോ ആണ് ഇത് ചെയ്യുന്നത്. ഗോത്രവർഗ്ഗക്കാർ നാമമാത്രം ഉള്ള സൊസൈറ്റികൾ ഒരു ചൂഷക സംവിധാനമായപ്പോൾ അതിൽ നിന്ന് അതിനെ വിടുതൽ ചെയ്യാൻ വനസംരക്ഷണ സമിതികൾക്ക് (VSS/EDC) കഴിഞ്ഞു. കേരളത്തിലെ വനവികാസ ഏജൻസികൾ (FDA) വനശ്രീയിലൂടെ മാന്യമായ വിലയും നൽകുന്നുണ്ട്. എന്നാൽ VSS കളുടെ പണമിടപാടുകളിൽ തീരുമാനമെടുക്കുന്നത് ഒരു വനംവകുപ്പ് ഉദ്യോഗസ്ഥൻ (സെക്രട്ടറി) ആണെന്നതുകൊണ്ട് ഉദ്യോഗസ്ഥ താൽപര്യങ്ങൾക്കപ്പുറത്തേക്ക് സ്വതന്ത്രമായി കൈകാര്യം ചെയ്യുവാൻ കഴിയാത്തത് VSS കളുടെ കാര്യക്ഷമതയ്ക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ മിക്ക സ്ഥലങ്ങളിലും കഴിഞ്ഞ കുറെ വർഷമായി തടിയേതര വനവിഭവങ്ങൾ ഗോത്രവർഗ്ഗക്കാർ മാർക്കറ്റുകളിൽ നേരിട്ട് വ്യക്തിപരമായി വിപണനം ചെയ്യുകയും അത് പലതരത്തിലുള്ള സാമ്പത്തിക ചൂഷണത്തിന് കാരണമാകുന്നതായും കാണാം. സാമ്പത്തികമായ സ്വതന്ത്ര്യം ഒരു ജനതയുടെ യഥാർത്ഥ വികസനത്തിന് അനിവാര്യമാണ്. ഉദാഹരണമായി, ഇന്ന് കേരളത്തിലെ എല്ലാ വനസംരക്ഷണ സമിതികളും ലക്ഷക്കണക്കിന് രൂപ സ്വരൂപിച്ചിട്ടുണ്ട്. ഇതിൽ കോർ ഫണ്ട് ഗോത്രവർഗ്ഗക്കാരുടെ, അതാത് സമിതി അംഗങ്ങളുടെതാണ്. സാങ്കേതികമായി ഈ പൈസ ഉപയോഗിക്കുന്നതിന് വനസംരക്ഷണ സമിതി അംഗങ്ങളുടെ തീരുമാനവും സമിതി സെക്രട്ടറിയായ വനംവകുപ്പ് ഉദ്യോഗസ്ഥന്റെ അനുമതിയും മതിയാകും. ആദ്യകാലങ്ങളിൽ ഇത് ഗോത്രവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിരുന്നു. എന്നാൽ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ നടക്കുന്ന ഈ പ്രവർത്തനത്തിനെതിരെ പല ആരോപണങ്ങൾ ഉയർന്നതിനാൽ പ്രായോഗികമായി ഇത് ഗോതത്രവർഗ്ഗക്കാർക്ക് ഉപയോഗപ്പെടുന്നില്ല. ഇത്തരം പ്രായോഗിക കാര്യങ്ങളിൽ അറിവുള്ള വനംവകുപ്പ് ഉദ്യാഗസ്ഥർ തന്നെ പറയുന്നത്, "ഗോത്രവർഗ്ഗക്കാർ ജോലിചെയ്തും, വനവിഭവങ്ങൾ ശേഖരിച്ചും സ്വരൂപിക്കുന്ന പൈസ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യേണ്ടതില്ല. അത് ഒരു അധിക ജോലിഭാരവുമാണ്. അത് അതാത് സമിതി അംഗങ്ങൾ തന്നെ കൈകാര്യം ചെയ്യേണ്ടതാണ്". മറ്റൊരു ജനതയുടെയും ഇത്തരം സമിതികളിൽ ഉദ്യോഗസ്ഥ ഇടപെടൽ ഇല്ല. എന്നാൽ വനാവകാശ നിയമം ഈ അവകാശത്തെ പൂർണ്ണമായും ഊരുതല ഗ്രാമസഭയിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. ഇത് ഓരോ ഊരുകൾക്ക് വ്യക്തമായ സാമ്പത്തിക സ്വാതന്ത്ര്യം നൽകുന്നതാണ്. ഉദാഹരണമായി ശേഖരിക്കുന്ന വനവിഭവങ്ങളുടെ ഒരു ചെറിയ ഓഹരിയും, കേരളത്തിൽ വ്യവസായികാവശ്യത്തിന് ബാംബൂകോർപ്പറേഷനും മറ്റും വെട്ടിയെടുക്കുന്ന മുളയുടെ (മുളതടിയേതര വിഭവമാണ്) ഉടമസ്ഥാവകാശ പ്രകാരം ചെറിയ ഒരു തുകയും ഉരുതല ഗ്രാമസഭകളിലേക്ക് വന്ന് ചേരുകയും അതോടൊപ്പം

> വനനിയമങ്ങളാണ് കുറേക്കാലമായി മുഖ്യധാരയുടെ കടന്നുകയറ്റത്തിൽ നിന്ന് വനഭൂമി സംരക്ഷിക്കുന്നതെന്ന് വനത്തെ ആശ്രയിച്ചുകഴിയുന്ന ഗോത്രവർഗ്ഗക്കാർക്ക് വ്യക്തമായി അറിയാം. വനഭൂമി മറ്റാവശ്യങ്ങൾക്ക് കൈമാറുന്നതിന്റെയും വനം ഏകവിള തോട്ടങ്ങളായി മാറ്റുന്നതിന്റെയും അപകടവും പരിസ്ഥിതിനാശവും അവർ തിരിച്ചറിയുന്നുണ്ട്.

വനംവകുപ്പ് നടത്തുന്ന വനസംരക്ഷണപ്രവർത്തനങ്ങളിൽ നിന്ന് സംഭരിക്കുന്ന പൈസയും കൂടിചേർന്നാൽ (ഗോത്രപ്രദേശങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ഭരണഘടനാധികാരം മേൽപറഞ്ഞ ഊരുഗ്രാമസഭകൾക്കാണ്–വനാവകാശ നിയമം 2006, സെക്ഷൻ (5)) ഓരോ ചെറിയ ഗോത്രഗ്രാമത്തിന്റെയും വികസന, ആരോഗ്യ, വിദ്യഭ്യാസ ആവശ്യങ്ങൾക്കുള്ള തുക അവർക്ക് തന്നെ കണ്ടെത്തുന്നതിനും സമയാസമയങ്ങളിൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും കഴിയും.

വനനിയമങ്ങളാണ് കുറേക്കാലമായി മുഖ്യധാരയുടെ കടന്നുകയറ്റത്തിൽ നിന്ന് വനഭൂമി സംരക്ഷിക്കുന്നതെന്ന് വനത്തെ ആശ്രയിച്ചുകഴിയുന്ന ഗോത്രവർഗ്ഗക്കാർക്ക് വ്യക്തമായി അറിയാം. വനഭൂമി മറ്റാവശ്യങ്ങൾക്ക് കൈമാറുന്നതിന്റെയും വനം ഏകവിള തോട്ടങ്ങളായി മാറ്റുന്നതിന്റെയും അപകടവും പരിസ്ഥിതിനാശവും അവർ തിരിച്ചറിയുന്നുണ്ട്. ഇന്ന് അവർ ആവശ്യപ്പെടുന്നത് വനാവകാശ നിയമം 2006 സെക്ഷൻ (5) പ്രകാരമുള്ള വനം, വന്യജീവി, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ വനംവകുപ്പിൻ കീഴിൽ പ്രവർത്തിക്കാനുള്ള അധികാരവും, സെക്ഷൻ 3 (1) c,d പ്രകാരമുള്ള സ്യതന്ത്രമായ വനവിഭവശേഖരണ സാമൂഹികാവകാശവും, 3(1) i പ്രകാരമുള്ള സി.എഫ്.ആർ (സാമൂഹിക വനവിഭവ) അധികാരവും ഊരുതല ഗ്രാമസഭയ്ക്ക് കൈമാറുവാനും, അതിനുള്ള സമിതികൾ സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മറ്റി (ചട്ടങ്ങൾ 4 e) രൂപീകരിക്കുന്നതിനും അതിനുവേണ്ട ഊരുതല ആസൂത്രണ പദ്ധതി (CFR management plan) (4f) രൂപീകരിക്കുന്നതിനും അത് വനംവകുപ്പിന്റെ മാനേജ്മെന്റ് പ്ലാനുമായി കൂട്ടിച്ചേർക്കാൻ വനംവകുപ്പടക്കം സഹായിക്കണമെന്നുമാണ്. ഉദാഹരണമായി വാഴച്ചാലിൽ സാമൂഹികമായ ഗോത്രഗ്രാമസഭകൾ സാമൂഹികാവകാശം ലഭ്യമായതിന് ശേഷം മേൽ പറഞ്ഞ കാര്യങ്ങൾക്ക് സഹായിക്കാൻ വനംവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ വനം വകുപ്പിന്റെ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി (FDA), വനശ്രീ എന്നിവ തന്നെയാണ് ഈ മേഖലയിൽ കൃത്യമായ വില വനവിഭവങ്ങൾക്ക് ലഭ്യമാക്കുന്നത്. അതുകൊണ്ട് തന്നെ ഇതിന് സമാനമായ സംഘടനകൾ രൂപീകരിക്കുന്നതിന് WWF അടക്കമുള്ളവർ ശ്രമിക്കുന്നതിനെ ഗ്രാമസഭകൾ എതിർത്തിട്ടുണ്ട്. അവരുടെ ആവശ്യം ഊരുതല ഗ്രാമസഭകൾ നിയമപ്രകാരം വനവിഭവങ്ങൾ ശേഖരിക്കണമെന്നും അത് അതാത് FDAകളുമായി വർഷാവർഷങ്ങളിൽ കരാർ (MoU) ഉണ്ടാക്കി വിപണനം ചെയ്യണമെന്നതും അതിന് നിലവിലുള്ള വനസംരക്ഷണ സമിതികളും വനവികാസ ഏജൻസികളും (FDA) സഹായിക്കണമെന്നതുമാണ്. ഇതിനായി അവർ ചാലക്കുടി, വാഴച്ചാൽ FDAകളുമായി സഹകരിച്ച് രൂപീകരിച്ച് ട്രൈബൽ ഡിപ്പാർട്ട്മെന്റ് വനവികാസ ഏജൻസിക്കനുവദിച്ച 1.64 കോടി രൂപയുടെ പദ്ധതി[2] ഒരു വർഷത്തിലേറെയായി നടപ്പിലാക്കാതിരിക്കുകയാണ്.

വനസംരക്ഷണത്തിന്റെ കാര്യത്തിൽ നിലവിലുള്ള പ്രശ്നം പരമ്പരാഗതമായി വനത്തിന്റെ അവകാശികളായ ഗോത്രവർഗ്ഗക്കാരുടെ അവകാശങ്ങൾ പുനസ്ഥാപിക്കാനുള്ള വനംവകുപ്പിന്റെ നിഷ്ക്രിയത്വം മാത്രമാണ്. ബാക്കിയെല്ലാകാര്യങ്ങളിലും, പ്രത്യേകിച്ച് വനസംരക്ഷണപ്രവർത്തനങ്ങളിൽ ഇരുകൂട്ടരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. ഒരു ഗോത്രവർഗ്ഗക്കാരനില്ലാതെ ഏത് വനപ്രദേശത്താണ് ഒരു ഉദ്യോഗസ്ഥനോ, ഒരു ശാസ്ത്രജ്ഞനോ, ഒരു ഫോട്ടോഗ്രാഫറിനോ, ഒരു ടൂറിസ്റ്റിനോ പ്രവേശിക്കാൻപോലും കഴിയുക. കേരള വനംവകുപ്പിന്റെ എല്ലാ നല്ല മോഡലുകളും ഗോത്രവർഗ്ഗക്കാരുടെ പങ്കാളിത്തത്തെ അടിസ്ഥാനമാക്കിയതാണ്. ഗോത്ര ഊരുതല ഗ്രാമസഭകൾക്ക് ഈ അധികാരം വരുന്നതിലൂടെ പ്രാദേശികമായ പല സംരക്ഷണ പ്രോട്ടോകോളുകളും അതാത് ഗ്രാമസഭയുടെ പ്രമേയത്തിലൂടെ പ്രാദേശിക നിയമമാക്കികൊണ്ടുവരാൻ കഴിയും. മറിച്ച് നിലവിലുള്ള വനത്തെ ദോഷകരമായി ബാധിക്കുന്ന ഒരു കാര്യവും വനാവകാശനിയമം അനുവദിക്കുന്നില്ല. ഉദാഹരണമായി വനനിയമത്തിന്റെ സംരക്ഷണ പരിധിയിൽ വരാത്ത പല ജീവികളെയും, പ്രദേശത്തെയും, നീർച്ചാലുകളെയും പ്രാദേശിക ഗോത്രവർഗ്ഗ പ്രാധാന്യമനുസരിച്ച് അതാത് ഗോത്രഗ്രാമസഭാ പ്രമേയത്തിലൂടെ ആ ഗോത്ര സാമൂഹിക വനവിഭവമേഖലാ പ്ലാനിലുൾപ്പെടുത്തി സംരക്ഷിക്കാൻ കഴിയും. വനം വച്ച് പിടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ തനത് വൃക്ഷതൈകൾ വയ്ക്കുന്നതിനും ഗോത്രവർഗ്ഗക്കാരുടെ പ്രദേശിക അറിവുകൾ ഉപയോഗിക്കുന്നതിനും നിയമപരമായി കഴിയും. റോഡുകളിലൂടെയുള്ള രാത്രി ഗതാഗതമടക്കം നിയന്ത്രണത്തിന് ഗോത്രഗ്രാമസഭയുടെ അധികാരം ഉപയോഗപ്പെടുത്താം. വനസംരക്ഷണസമിതികളുടെ ഒരു ജനകീയ മുഖം യഥാർത്ഥത്തിൽ ഉണ്ടാക്കിയെടുത്ത ഒ

രു വകുപ്പാണ് കേരളത്തിലെ വനംവകുപ്പ്. അതിനെ കൂടുതൽ ജനാധിപത്യവൽക്കരിച്ച് ഗോത്രവർഗ്ഗാവകാശ സംരക്ഷണത്തിലൂടെ മനുഷ്യാവകാശങ്ങളിൽ ഊന്നിയ പാരസ്പര്യത്തിന്റെ വനസംരക്ഷണ ഭാവിയിലേക്കാണ് വനാവകാശ നിയമം 2006 കൊണ്ടുപോകുന്നത്. ഇതിൽ വനംവകുപ്പ് കാര്യക്ഷമമായി ഇടപെടണോ അതോ മറ്റു നിക്ഷിപ്ത താൽപര്യക്കാർ ഇടപെട്ടുണ്ടാക്കുന്ന പ്രശ്നങ്ങളെ പ്രതിരോധിക്കുന്ന അവസ്ഥയിൽ എത്തിച്ചേരണോ എന്നതാണ് പ്രധാന ചോദ്യം.

**സ്വയം നിർണ്ണയാധികാരം: സത്യവും മിഥ്യയും**

കഴിഞ്ഞ നൂറിലേറെ ദിവസങ്ങളായി തലസ്ഥാന നഗരിയിൽ ഗോത്രവർഗ്ഗക്കാർ നടത്തുന്ന നിൽപുസമരം ആവശ്യപ്പെടുന്നതിന്റെ കാതൽ ഗോത്രഗ്രാമസഭകളുടെ സ്വയം നിർണ്ണയാധികാരമാണ്. ഇത് വിഘടനവാദമോ ദേശീയ താൽപര്യങ്ങൾക്ക് വിരുദ്ധമാണോ എന്ന് തെറ്റിദ്ധരിക്കുന്നവരുണ്ട്. എന്നാൽ ഇതിൽ 70% ശതമാനവും ഭരണഘടന നിലവിൽ അനുശാസിക്കുന്നതും, അത് നടപ്പിലാക്കുന്നതിൽ ഗുരുതരമായ അനാസ്ഥ ഉദ്യോഗസ്ഥരിലും വിവിധവകുപ്പുകളിലും ഉണ്ടായതുകൊണ്ട് നിഷേധിക്കപ്പെട്ടതുമാണ്. ഉദാഹരണമായി ഭൂരിപക്ഷ ഗോത്ര ഊരുകളും വനത്തിനോടനുബന്ധമാണ് എന്നതുകൊണ്ട് വനാവകാശ നിയമം 2006 പ്രകാരം

## കേരളത്തിലെ ആദിവാസി മേഖലകൾ പട്ടികവർഗ്ഗ പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യേണ്ടത് എങ്ങനെ?

**കേരളത്തിലെ** ആദിവാസി അധിവാസമേഖലകൾ പട്ടിവർഗ്ഗ പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യുന്നതിനുള്ള ഒരു കരട് മാർഗ്ഗരേഖ സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയ്ക്കായി 2014 ഒക്ടോബറിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. 50 വർഷത്തിലധികമായി അവഗണിച്ചുകൊണ്ടിരിക്കുന്ന ഭരണഘടനാപരിരക്ഷാ വകുപ്പ് സർക്കാർ പരിഗണിച്ചു എന്നത് സ്വാഗതാർഹമാണെങ്കിലും നിലവിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന മാർഗ്ഗരേഖയിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. വയനാട് ജില്ല മുഴുവനും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ ഇടമലക്കുടി, മലപ്പുറം ജില്ലയിലെ ചോലനായ്ക ഗ്രാമങ്ങൾ എന്നിവ പട്ടികവർഗ്ഗ പ്രദേശമായി വിജ്ഞാപനം ചെയ്യാനാണ് മാർഗ്ഗരേഖ നിർദ്ദേശിച്ചിരിക്കുന്നത്. ആദിവാസികളും ആദിവാസികൾ അല്ലാത്തവരും ഉൾക്കൊള്ളുന്ന വിപുലമായ ഭൂപ്രദേശം അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ പ്രദേശമായി പ്രഖ്യാപിക്കുന്നത് എതിർപ്പുകൾക്ക് കാരണമാകും. ആദിവാസി ഊര് എന്നത് ഒരു അടിസ്ഥാന മാനദണ്ഡമായി മാർഗ്ഗരേഖയിൽ എവിടെയും പറയുന്നുമില്ല.

റവന്യൂഭൂമിയിലും പുനഃരധിവാസ ഭൂമിയിലും വനമേഖലയിലും നിലവിലുള്ള ആദിവാസി അധിവാസ കേന്ദ്രങ്ങളെയും അവരുടെ ഊര്ഭൂമിയും ആവാസവ്യവസ്ഥയും വനഭൂമിയും പട്ടികവർഗ്ഗ പ്രദേശമായി പ്രഖ്യാപിക്കുകയും അത്തരം മേഖലകൾ പ്രത്യേകമായി തരംതിരിച്ച് (മാപ്പ് ചെയ്ത്) പട്ടികവർഗ്ഗ പഞ്ചായത്തുകൾക്ക് രൂപം നൽകുകയുമാണ് വേണ്ടത്. കാതലായ പ്രശ്നം ആദിവാസി ഗ്രാമസഭകളെ ഒരു ഇലക്ട്രേറ്റ് എന്ന നിലയിൽ വേർതിരിക്കുക എന്നതാണ്. കേരളത്തിലെ ആദിവാസി മേഖലകളെ പട്ടിക വർഗ്ഗമേഖലകളായി പ്രഖ്യാപിക്കുന്നതിന് വേണ്ടി സർക്കാർ തയ്യാറാക്കിയ മാർഗ്ഗരേഖ പരിഷ്കരിക്കണം. ഊര്ഭൂമി ഭൂമി പൂർണ്ണമായും ഷെഡ്യൂൾ ഏരിയയായി വിജ്ഞാപനം ചെയ്യാനുള്ള നടപടി ഉണ്ടാകണം. ഇപ്പോൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതുപോലെ വയനാട് ജില്ല പൂർണ്ണമായും അട്ടപ്പാടി ബ്ലോക്ക് പൂർണ്ണമായും ഷെഡ്യൂൾ ചെയ്യുന്നത് വ്യാപകമായ പ്രതിഷേധത്തിന് കാരണമാകും. ഊര്ഭൂമി വേർതിരിക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാം. ഉദാഹരണമായി അട്ടപ്പാടി ബ്ലോക്കിൽ നിലവിൽ അഗളി, പുത്തൂർ, ഷോളയൂർ എന്നീ മൂന്ന് പഞ്ചായത്തുകളാണ് നിലവിലുള്ളത്. അഗളി പഞ്ചായത്തിൽ 73 ഊരുകളിലായി 11,744, പുത്തൂർ പഞ്ചായത്തിൽ 67 ഊരുകളിലായി 9684, ഷോളയൂർ പഞ്ചായത്തിൽ 52 ഊരുകളിലായി 9230 എന്നീ ക്രമത്തിലാണ് ജനസംഖ്യ. നിലവിൽ അട്ടപ്പാടി ബ്ലോക്കിലെ മൂന്ന് പഞ്ചായത്തുകളിൽ നിന്നും 192 ഊരിലെ 30,658 പേർ ജനസംഖ്യയുള്ള മേഖലകളെ വേർപെടുത്തി രണ്ട് ആദിവാസി പഞ്ചായത്തുകൾക്കെങ്കിലും പുതുതായി രൂപം നൽകുകയും, രണ്ട് ആദിവാസി പഞ്ചായത്തുകൾ ചേർത്ത് പ്രത്യേക ആദിവാസി ബ്ലോക്ക് പഞ്ചായത്തിന് രൂപം നൽകുകയും ചെയ്യാവുന്നതാണ്. വോട്ടർമാരെ വേർതിരിച്ച് പ്രത്യേകം പഞ്ചായത്തിന് രൂപം നൽകുമ്പോൾ വനവാസികളായ കുറുമ്പർ, മറ്റ് ആദിവാസി വിഭാഗങ്ങളായ മുഡുഗർ, ഇരുളർ എന്നിവരുടെ പ്രാതിനിധ്യ സ്വഭാവം, വനം-പരിസ്ഥിതി തുടങ്ങിയ ഘടകങ്ങളും പരിഗണിക്കണം. വനാവകാശ നിയമമനുസരിച്ചുള്ള മേഖലകൾ കൂടി ഗ്രാമസഭകൾ തിട്ടപ്പെടുത്തുമ്പോൾ പരിഗണിക്കേണ്ടതാണ്. ഈ സമീപനം സ്വീകരിക്കുമ്പോൾ കേരളത്തിലെ മുഴുവൻ വനാവകാശ ഗ്രാമസഭകളുടെ മാപ്പിംഗ്, താരതമ്യേന പിന്നോക്കം നിൽക്കുന്നവരും ഭൂരഹിതരുമായവരുടെ മേഖലകൾ (പണിയ-അടിയ-കാട്ടുനായ്ക്ക തുടങ്ങിയവരുടെ പുനഃരധിവാസ പദ്ധതി പ്രദേശങ്ങൾ) എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുകയും വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ മുൻപന്തിയിലേക്ക് കൊണ്ടുവരാനുള്ള ടി.ആർ.ഡി.എം പദ്ധതിയെ അഞ്ചാം പട്ടികയുമായി ബന്ധിപ്പിക്കുന്ന തരത്തിൽ ഒരു പുനഃരധിവാസ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും വേണം. *(ആദിവാസി ഗോത്രമഹാസഭ)*

ഇവയെല്ലാം വനവില്ലേജുകളും (forest village വകുപ്പ്, v 2 (f)) അതിലുള്ള അംഗങ്ങൾ അടങ്ങുന്ന ഊരുസഭകൾ സ്വതന്ത്രനിർണ്ണയാധികാരമുള്ള ഗ്രാമസഭകളും ആണ് (വകുപ്പ് 2 (g). ഇപ്രകാരം ഗോത്ര ഊരുതലഗ്രാമസഭകൾക്ക് വ്യക്തിപരവും, സാമൂഹികവുമായ ഭൂമിയിലും, വനവിഭവങ്ങളിലും, മത്സ്യ-ജലവിഭവ സമ്പത്തിലും, ഉടമസ്ഥാവകാശവും, വനം-വന്യജീവി ജൈവവൈവിധ്യ സംരക്ഷണ പരിപാലനത്തിൽ പൂർണ്ണമായ നിർണ്ണയാധികാരവും ഉത്തരവാദിത്തവുമുണ്ട്. ഈ അധികാരങ്ങൾ നിയമപ്രകാരം ലഭിക്കുന്നതിലൂടെ സമരം മുന്നോട്ടുവയ്ക്കുന്ന ഭൂരിപക്ഷം ആവശ്യങ്ങൾ പരിഹരിക്കപ്പെടാം. വനത്തിന് പുറത്തുള്ള ഊരുകളെ ഭരണഘടനയുടെ 5-ാം പട്ടികയിൽപ്പെടുത്തി ഗ്രാമസഭകൾക്ക് അധികാരം നൽകി സംരക്ഷിക്കണമെന്നത് പൂർണ്ണമായും ന്യായവും ഭരണഘടനാവിധേയവും, ഗോത്രഭൂമിയുടെ സംരക്ഷണത്തിന് അത്യന്താപേക്ഷിതവുമാണ്. കേരളത്തിലെ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലയെ ഷെഡ്യൂൾ ചെയ്യണമെന്ന ആവശ്യം കേന്ദ്രത്തോട് ഉന്നയിക്കാമെന്ന് 2001 ലെ കുടിൽകെട്ടി സമരത്തെ തുടർന്ന് 2001 ഒക്ടോബർ 16 ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമായതാണ്. ഭരണഘടനയുടെ 334-ാം വകുപ്പ് അനുസരിച്ച് 1961ൽ യു.എൻ. ദേബർ കമ്മീഷൻ കേരളത്തിലെ 1064 ചതുരശ്രമൈൽ പ്രദേശം, പട്ടിക പ്രദേശമായി (ഷെഡ്യൂൾ) ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും നടന്നില്ല. എല്ലാ വിഭാഗം ജനങ്ങളും ഉൾപ്പെടുന്ന പ്രദേശത്തെ പട്ടികപ്രദേശം ആക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി ആദിവാസി ഊര്ഭൂമിയും അവരുടെ ആവാസവ്യവസ്ഥയും മാത്രം പട്ടികപ്രദേശത്തിൽ ഉൾപ്പെടുത്തണമെന്ന ഗോത്രവർഗ്ഗക്കാരുടെ ആവശ്യം യുക്തിസഹജവും ന്യായവുമാണ്. ഭരണഘടനയുടെ 244 ാം വകുപ്പ് പ്രകാരം ഇത് സാദ്ധ്യമാണ്. 244(1) പ്രകാരം പ്രസിഡന്റിന് ഇത് ഒരു ഓർഡർ പ്രകാരം പ്രഖ്യാപിക്കാപിക്കാവുന്നതാണ്. കേരള സർക്കാറിനും കേന്ദ്ര സർക്കാറിനും ഇതിനായി പ്രസിഡന്റിനോട് ആവശ്യപ്പെടാം. ഇതിനെതുടർന്ന് ഈ പ്രദേശങ്ങൾക്കായി പെസ നിയമം ബാധകമാക്കാവുന്നതാണ്.

മുഖ്യധാരാജനങ്ങൾക്ക് പട്ടയം നൽകുന്നതിന്റെ പരിധി ഒരേക്കറിൽ നിന്ന് നാലേക്കർ വരെ വ്യക്തിക്ക് എന്ന രീതിയിൽ വർദ്ധിപ്പിക്കുന്നതിന് താൽപര്യമെടുക്കുന്ന സർക്കാരുകൾ ഈ ന്യായമായ ആവശ്യത്തെയും, സമരത്തെയും കണ്ടില്ലെന്ന് നടിക്കുന്നത് ലജ്ജാവഹമാണ്. വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതിൽ വീഴ്ച വന്നതിൽ കോടതിയെ സമീപിക്കാത്തതിന് വനംവകുപ്പുമായുള്ള ഒരു പാരസ്പര്യം നഷ്ടപ്പെടുത്താൻ ഗോത്രവർഗ്ഗക്കാർക്ക് താൽപര്യമില്ല എന്നതാണ് വാസ്തവം. അക്രമം ജീവിത ശൈലിയല്ലാത്ത, പ്രകൃതിവിഭവങ്ങളെ പൊതുസമ്പത്തായി കാണുന്ന, വനവും വന്യജീവിയും പാരസ്പര്യമായി കാണുന്ന ഇവർ സ്വാതന്ത്ര്യലബ്ദിക്ക് ശേഷം നിയമങ്ങൾക്ക് വിധേയരായി ഭൂമിക്കും വനത്തിനും വേണ്ടി ജീവിക്കുന്നതാണ് നമ്മൾ കണ്ടത്. എന്നാൽ മുഖ്യധാരയിലെ നമ്മൾ എത്രയോ പൊതുഭൂമി-വനഭൂമി കൈയ്യേറി, സ്വകാര്യവത്കരിച്ചു. കാലാകാലങ്ങളിൽ ഇതിനെല്ലാം പട്ടയവും കിട്ടി. എന്നാൽ വിൽപനയ്ക്കുള്ള സ്വകാര്യസ്വത്ത് മാത്രമായി ഭൂമി ചുരുങ്ങിയപ്പോൾ ഇതിന്റെ ഭൂരിഭാഗവും കോർപ്പറേറ്റുകളുടെ കൈയ്യിലും, കമ്പനികളിലും എത്തിനിൽക്കുന്നു. ഈ അവസ്ഥയിൽ ഗോത്രവർഗ്ഗക്കാരുടെ 'പൊതുവിനായുള്ള', ജനാധികാരത്തിനായുള്ള സമരത്തിൽ നിന്ന് നമ്മളല്ലേ പഠിക്കേണ്ടത്? ഒരു ജനാധിപത്യ സമൂഹത്തിൽ ജനങ്ങളാണ് കോർപ്പറേറ്റുകളെയും കമ്പനികളേയും ഉദ്യോഗസ്ഥരെയും നിയന്ത്രിക്കേണ്ടത്. അല്ലാതെ കോർപ്പറേറ്റുകളും കമ്പനികളും ഉദ്യോഗസ്ഥരും ചേർന്ന് ജനപ്രതിനിധികളെയും അവർ ജനങ്ങളെയും നിയന്ത്രിക്കുകയല്ല വേണ്ടത്. ■

Footnotes:

1.Forest Statistics 2012- Kerala Forest Department & Working Plans of Thrissur, Chalakkudy, Vazhachal and Malayattur Forest Divisions.

2. Kerala Govt. order no.A1-6792/12. Dated 18/3/13.

## വനാവകാശം: ശില്പശാല നടന്നു

**'സാമൂഹിക വനവിഭവ മേഖലാ പരിപാലനം: വെല്ലുവിളികളും സാധ്യതകളും കേരളത്തിൽ'** എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു. പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷന്റെയും സെന്റർ ഫോർ എൻവിയോൺമെന്റ് ആന്റ് ഡവലപ്മെന്റിന്റെയും ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിൽ കേരളീയം മാസിക സംഘാടക സഹായി. അട്ടപ്പാടി, എറണാകുളം, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലായി നാല് ഘട്ടമായാണ് ശില്പശാല നടത്തിയത്. വനം-പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ, ആദിവാസി പ്രതിനിധികൾ, ആദിവാസി സംഘടനകൾ, കിർത്താട്സ്, സാമൂഹിക വനാവകാശം ലഭിച്ച ഊരുക്കൂട്ടങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ശില്പശാലയിലെ ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് കേരളീയം പ്രത്യകലക്കം പുറത്തിറക്കും.